**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 866** **11-02-2025 - ൽ മറുപടിയ്ക്ക്**

**മണ്ണന്തല അംബേദ്കർ ഭവൻ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | മണ്ണന്തല അംബേദ്കർ ഭവനിൽ ശോച്യാവസ്ഥയിലായ ട്രെയിനിംഗ് സെന്റർ നവീകരണം നടത്തി സർക്കാർ വകുപ്പുകളുടെ ട്രെയിനിംഗ് സെന്ററായി മാറ്റുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ; | (എ) | അംബേദ്കർ ഭവനിലെ എല്ലാ നിലകളിലെയും ടോയിലറ്റുകൾ വാട്ടർപ്രൂഫ് ആക്കുന്നതിനും, പ്ലംബിംഗ് വർക്കുകൾ നടത്തുന്നതിനും ടെറസ് വാട്ടർ പ്രൂഫ് ആക്കുന്നതിനും, ഊരാളുങ്കൾ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലഭ്യമാക്കിയ 96,93,500/- രൂപയുടെ എസ്റ്റിമേറ്റും,അംബേദ്കർ ഭവന്റെ പെയിന്റിംഗിനായും ഓഡിറ്റോറിയത്തിന്റെ പണിയുടെയും അംബേദ്കർ ഭവന്റെ നടുത്തളത്തിന് മുകളിലെ തകരാറിലായ ഷീറ്റുകൾ മാറ്റി പണിയുന്നതിനും ഊരാളുങ്കൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലഭ്യമാക്കിയ 60,40,600/- രൂപയുടെ എസ്റ്റിമേറ്റും വകുപ്പുതല വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | മികച്ച അടിസ്ഥാന സൗകര്യങ്ങളും പാർക്കിംഗ് സൗകര്യങ്ങളും ഉള്ള പ്രസ്തുത സെന്റർ പൊതുജനാവശ്യങ്ങൾക്കായി വാടകയ്ക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ; | (ബി) | പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത ക്യാമ്പസിലെ ഹോസ്റ്റലുകളും രണ്ട് കുളങ്ങളും നവീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | (സി) | ഹോസ്റ്റൽ നവീകരിക്കുന്നതുമായി ബന്ധപ്പെട്ട് പരിശോധിച്ചു നടപടി സ്വീകരിക്കുന്നതാണ്. അംബേദ്കർ ഭവൻ കോമ്പൗണ്ടിലെ കുളം നവീകരണവുമായി ബന്ധപ്പെട്ട കാരാർ നടപടി പൂർത്തിയാക്കിയിട്ടുണ്ട്.പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ